# മുപ്പതിനായിരം കോടിയുടെ ഐ.പി.ഒയുമായി ചരിത്രം കുറിക്കാൻ റിലയൻസ്



■ ജിയോയുടെ ഐ.പി.ഒയുമായി ബന്ധപ്പെട്ട വാർത്താസമ്മേളന വേദിയിൽ ജിയോ പ്ലാറ്റ്ഫോംസ് മാനേജിങ് ഡയറക്ടർ ആകാശ് അംബാനി, ജിയോ ഡയറക്ടർ ഇഷ അംബാനി എന്നിവർ.

മുംബൈ: ഇന്ത്യൻ പ്രാഥമിക ഓഹരി വിപണിയിൽ ചരിത്രം കുറിക്കാൻ മുപ്പതിനായിരം കോടിയുടെ ഐ.പി.ഒയുമായി റിലയൻസ് ഇൻഡസ്ട്രീസിന്റെ ഡിജിറ്റൽടെലികോം വിഭാഗമായ ജിയോ പ്ലാറ്റ്ഫോംസ് ലിമിറ്റഡ്. 10 രൂപ മുഖവിലയുള്ള 27 കോടി പുതിയ ഇക്വിറ്റി ഓഹരികളാണ് ജിയോ പബ്ലിക് ഇഷ്യൂവിലൂടെ വിപണിയിലെത്തുന്നത്.

പ്രമുഖ നിക്ഷേപകർക്കുള്ള ബിഡ്ഡിംഗ് 19ന് നടക്കും. പൊതു ഐ.പി.ഒ 21 മുതൽ 23 വരെ റീട്ടെയിൽ നിക്ഷേപകർക്കായി നടക്കും. 28ന് ഓഹരികൾ ബി.എസ്.ഇ, എൻ.എസ്.ഇ തുടങ്ങിയ എക്സ്ചേഞ്ചുകളിൽ ലിസ്റ്റ് ചെയ്യും. കുറഞ്ഞത് 12 ഓഹരികൾക്കും തുടർന്ന് അതിന്റെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഉയർന്ന പ്രൈസ് ബാൻഡിൽ ഒരു ലോട്ടിന് 13,428 രൂപയാണ് ആവശ്യമായി വരിക.

ഉയർന്ന പ്രൈസ് ബാൻഡിൽ 30,213 കോടി രൂപ സമാഹരിക്കാനാണ് റിലയൻസ് ജിയോ ലക്ഷ്യമിടുന്നത്. നേരത്തെ, ഹ്യുണ്ടായ് മോട്ടോർ ഇന്ത്യ സ്ഥാപിച്ച 27,859 കോടി രൂപയുടെ റെക്കോഡ് മറികടന്ന് ഇന്ത്യൻ വിപണി സാക്ഷ്യം വഹിക്കുന്ന ഏറ്റവും വലിയ ഐ.പി.ഒ ആയി ഇത് മാറും. ഓഹരികൾ വിറ്റഴിക്കുന്ന ഓഫർ ഫോർ സെയിൽ രീതിക്ക് പകരം ഫ്രഷ് ഇഷ്യൂ ആയാണ് ജിയോ ഐപിഒ അവതരിപ്പിക്കുന്നത്. ഇതുമൂലം സമാഹരിക്കുന്ന മുഴുവൻ പണവും കമ്പനിയുടെ ബിസിനസ് വികസനത്തിലേക്ക് നേരിട്ടെത്തും. 53.3 കോടി സജീവ വരിക്കാരും രാജ്യവ്യാപകമായ 5ജി ശൃംഖലയുമാണ് ജിയോ.

## മുടങ്ങിയ അസൈൻമെന്റിൽ നിന്നും പിറവിയെടുത്ത ജിയോ: ഇഷ അംബാനി

മുംബൈ: ഇന്റർനെറ്റ് പ്രവർത്തിക്കാത്തതിനാൽ അസൈൻമെന്റ് സമർപ്പിക്കാൻ കഴിയാതിരുന്നതിൽ നിന്നു പിറവിയെടുത്തതാണ് ജിയോയെന്ന് ഇഷ അംബാനി. മുംബൈയിൽ ജിയോ ഐ.പി.ഒയുടെ അവതരണവേളയിൽ സംസാരിക്കുകയായിരുന്നു ഇഷ അംബാനി. അമേരിക്കയിൽ പഠിക്കുമ്പോൾ അവധിക്കാലത്ത് ബോംബെയിലുള്ള വീട്ടിലെത്തി. ഒരു അസൈൻമെന്റ് ഓൺലൈനായി സമർപ്പിക്കാനുണ്ടായിരുന്നുവെങ്കിലും നിർഭാഗ്യവശാൽ ഇന്റർനെറ്റ് പ്രവർത്തിക്കാത്തതിനാൽ അത് സമർപ്പിക്കാൻ കഴിഞ്ഞില്ല.

തുടർന്ന്, എന്തുകൊണ്ടാണ് ഇന്ത്യ ഇത്രയും പിന്നിലായിപ്പോയത് എന്നതിനെക്കുറിച്ചുള്ള ചിന്തയിൽ നിന്നാണ് ഒരു ഡിജിറ്റൽ ടെക്നോളജി പ്ലാറ്റ്ഫോം കമ്പനി കെട്ടിപ്പടുക്കുക എന്നിലേക്ക് ആകാശ് എത്തിയതെന്ന് അവർ പറഞ്ഞു. റിലയൻസിൽ തങ്ങൾ ഇന്നത്തേക്കോ നാളത്തേക്കോ വേണ്ടി മാത്രമല്ല കാര്യങ്ങൾ ചെയ്യുന്നത്;മറിച്ച്, വരാനിരിക്കുന്ന പതിറ്റാണ്ടുകളെക്കുറിച്ചുകൂടി ചിന്തിച്ചുകൊണ്ടാണ് പ്രവർത്തിക്കുന്നത്.

രണ്ടാമത്തേത് 'സ്കെയിൽ' അഥവാ വ്യാപ്തിയാണ്. ഒരു വ്യവസായ മേഖലയിലെ സാമ്പത്തിക ഘടനയെത്തന്നെ അടിമുടി മാറ്റാൻ എന്ത് വ്യാപ്തിയിലുള്ള പ്രവർത്തനമാണ് വേണ്ടത്, അതാണ് ഇവിടെ പരിഗണിക്കുന്നത്. മൂന്നാമത്തേത് കാര്യങ്ങൾ നടപ്പിലാക്കുന്ന രീതിയാണ്. റിലയൻസിനെക്കുറിച്ച് അറിയാവുന്നവർക്ക് മനസിലാകും, ഇതൊരു സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കമ്പനിയാണെന്ന്. കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കുക എന്നത് സ്ഥാപനത്തിന്റെ തന്നെ ഒരു ശീലമായി മാറിയെന്നും അവർ പറഞ്ഞു. 2021ഓടെ റിലയൻസ് ഇൻഡസ്ട്രീസ് പൂർണമായും കടബാധ്യതകളിൽ നിന്ന് മുക്തമാകുമെന്ന് മുകേഷ് അംബാനി പറഞ്ഞത് നിശ്ചയിച്ചിരുന്ന സമയപരിധിക്ക് ഒമ്പത് മാസം മുമ്പ് തന്നെ ആ വാഗ്ദാനം നിറവേറ്റിയെന്നും അവർ പറഞ്ഞു. റിലയൻസിനെ സംബന്ധിച്ചിടത്തോളം ഓഹരിയുടമകളോടുള്ള പ്രതിബദ്ധത എന്നത് ഇതൊക്കെയാണ് അർത്ഥമാക്കുന്നത്. മൂന്ന് തലമുറകൾക്കിപ്പുറം, താനും ആകാശും അനന്തും 'വളർച്ചയാണ് ജീവിതം' എന്ന ഞങ്ങളുടെ ആപ്തവാക്യത്തോട് പൂർണമായും പ്രതിജ്ഞാബദ്ധരാണെന്നും അവർ പറഞ്ഞു.

തങ്ങളുടെ ബിസിനസ്സ് വളരെ ആരോഗ്യകരമായി നിലനിർത്തുന്നതിനൊപ്പം, ഇന്ത്യൻ ഉപഭോക്താക്കൾക്ക് മൂല്യം സൃഷ്ടിച്ചു നൽകുന്നതിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് ആകാശ് അംബാനി പറഞ്ഞു. ഇന്ത്യയിലെ ഡിജിറ്റൽ ട്രാഫിക്കിന്റെ 60%വും കൈകാര്യം ചെയ്യുന്നു.

ലോകത്ത് മറ്റെവിടെയും നടന്നിട്ടില്ലാത്ത്ര വേഗത്തിൽ 4ജിയിൽനിന്ന് 5ജിയിലേക്കുള്ള മാറ്റം നടപ്പിലാക്കാനും തങ്ങൾക്ക് സാധിച്ചുവെന്നും ഇന്ത്യയ്ക്കായി ഇന്ത്യയിൽ തന്നെ വികസിപ്പിച്ചെടുത്ത ഒരു സാങ്കേതിക പ്ലാറ്റ്ഫോം, ആഗോള നിലവാരത്തിന് തുല്യമായോ അതിനു മുകളിലോ വളർന്നു എന്നും അദ്ദേഹം പറഞ്ഞു.

# ബംഗ്ലാദേശ് യുവാവ് അടിമാലിയിൽ അറസ്റ്റിൽ



■ മുഹമ്മദ് റസാബുൾ.

അടിമാലി: അനധികൃതമായി ഇന്ത്യയിൽ പ്രവേശിച്ചു ജോലിചെയ്തുവന്ന ബംഗ്ലാദേശ് പൗരനെ അടിമാലി പോലീസ് പിടികൂടി. ബംഗ്ലാദേശിലെ ചുവടംഗ ജില്ലയിൽപ്പെട്ട സുമിർദിയ കോളനി സ്വദേശി മുഹമ്മദ് റസാബുളി(34)നെയാണു പിടികൂടിയത്.

യാതൊരു രേഖകളുമില്ലാതെ അനധികൃതമായി ഇന്ത്യയിൽ താമസിച്ചുവരികയായിരുന്നു ഇയാൾ. 15നു രാത്രി 10 ന് അടിമാലി ടൗൺ പോലീസ് സ്റ്റേഷനു സമീപത്തുനിന്നു സബ് ഇൻസ്പെക്ടർ അജീഷ് കെ. ജോണിന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. അടിമാലി തോക്കുപാറയ്ക്കു സമീപം അമ്പഴച്ചാലിലുള്ള ഒരു കൺസ്ട്രക്ഷൻ കമ്പനിയിൽ ഇയാൾ ജോലി ചെയ്തുവരികയായിരുന്നു.

# ലൈഫ് ഭവന പദ്ധതി: അന്വേഷണം ആലോചനയിലെന്ന് മന്ത്രി ഷാജി



തിരുവനന്തപുരം: ലൈഫ് ഭവന പദ്ധതിയിലെ അശാസ്ത്രീയ നിർമാണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതു സർക്കാരിന്റെ ആലോചനയിലാണെന്നു മന്ത്രി കെ.എം. ഷാജി നിയമസഭയെ അറിയിച്ചു. ലൈഫ് പദ്ധതിയിൽ നിർമിക്കപ്പെട്ട ചില ഭവന സമുച്ചയങ്ങൾ താമസയോഗ്യമല്ലാതാകുന്നുണ്ടെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

ലൈഫ്മിഷൻ പദ്ധതിയിൽ എറണാകുളം കടവന്ത്ര പി ആൻഡ് ടി കോളനി നിവാസികൾക്കായി നിർമിച്ച മുണ്ടംവേലിയിലെ ഫ്ളാറ്റ് സമുച്ചയത്തിന്റെ നിർമാണ അപാകതകളും താമസക്കാരുടെ പുനരധിവാസവും ഉന്നയിച്ചു മുഹമ്മദ് ഷിയാസ് എം.എൽ.എ. അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിനു മറുപടി പറയുകയായിരുന്നു മന്ത്രി.

മുണ്ടംവേലി ഫ്ളാറ്റ് നിർമാണത്തിൽ വിജിലൻസ് അന്വേഷണം തുടരുകയാണെന്നും മന്ത്രി പ്രതികരിച്ചു.

'ഒന്നും രണ്ടും പിണറായി സർക്കാർ അഭിമാന പദ്ധതിയായി കൊണ്ടുവന്നതാണ് ലൈഫ് മിഷൻ. അഞ്ചു ലക്ഷത്തിനു മുകളിൽ ഭവന നിർമാണം പൂർത്തിയാക്കി. എന്നാൽ, നിർമാണത്തിൽ വ്യാപകമായ ക്രമക്കേടും പലയിടത്തും താമസിക്കാൻ കഴിയാത്ത സാഹചര്യവും വന്ന സാഹചര്യത്തിലാണ് അന്വേഷണം സർക്കാർ ആലോചിക്കുന്നത്. മുണ്ടംവേലി ഫ്ളാറ്റിലെ താമസക്കാരുടെ പുനരധിവാസവും സർക്കാരിന്റെ പരിഗണനയിലാണ്' മന്ത്രി പറഞ്ഞു.

# ചക്കുളത്തുകാവ് പൊങ്കാല അടുത്ത മാസം 24ന്



തിരുവനന്തപുരം: പ്രസിദ്ധമായ ചക്കുളത്തുകാവ് ശ്രീഭഗവതി ക്ഷേത്രത്തിലെ പൊങ്കാലയ്ക്ക് ഒരുക്കങ്ങൾ ആരംഭിച്ചു. അടുത്ത മാസം 24നാണ് പൊങ്കാല. പൊങ്കാലയുടെ പ്രധാന ചടങ്ങായ കാർത്തിക സ്തംഭം ഉയർത്തൽ അടുത്ത മാസം 15 നാണ്.

20നു മന്ത്രി മോൻസ് ജോസഫ് ക്ഷേത്രനടയിൽ നിലവറ ദീപം തെളിയിക്കുമെന്നു ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു. 24നു പുലർച്ചെ നാലിനു നിർമാല്യ ദർശനവും അഷ്ടദ്രവ്യ മഹാഗണപതി ഹോമവും. ഒൻപതിനു വിളിച്ചുചൊല്ലി പ്രാർഥന. തുടർന്നു ക്ഷേത്ര ശ്രീകോവിലിലെ കെടാവിളക്കിൽനിന്നു ക്ഷേത്ര കാര്യദർശി മണിക്കുട്ടൻ നമ്പൂതിരി കൊടിവിളക്കിലേക്കു ദീപം പകരും. തുടർന്നു നടപ്പന്തലിൽ പ്രത്യേകം തയാറാക്കിയ പണ്ടാര പ്പൊങ്കാല അടുപ്പിലേക്കു ട്രസ്റ്റ് പ്രസിഡന്റും മുഖ്യ കാര്യദർശിയായ രാധാകൃഷ്ണൻ നമ്പൂതിരി അഗ്നി പ്രോജ്വലിപ്പിച്ച് പൊങ്കാലയ്ക്കു തുടക്കംകുറിക്കും. ക്ഷേത്ര കാര്യദർശി മണിക്കുട്ടൻ നമ്പൂതിരിയുടെ അധ്യക്ഷതയിൽ നടക്കുന്ന സംഗമത്തിൽ മന്ത്രി രമേശ് ചെന്നിത്തല പൊങ്കാലയുടെ ഉദ്ഘാടനം നിർവഹിക്കും.

റെജി ചെറിയാൻ എം.എൽ.എ. ആമുഖ പ്രഭാഷണവും കൊടിക്കുന്നിൽ സുരേഷ് എം.പി. സന്ദേശവും നൽകും. മാന്നാർ അബ്ദുൾ ലത്തീഫ് മുഖ്യപ്രഭാഷണം നടത്തും. ക്ഷേത്ര മേൽശാന്തി അശോകൻ നമ്പൂതിരിയുടെ കാർമികത്വത്തിൽ ട്രസ്റ്റിമാരായ രഞ്ജിത്ത് ബി. നമ്പൂതിരി, ദുർഗാദത്തൻ നമ്പൂതിരി എന്നിവരുടെ ആഭിമുഖ്യത്തിലാണു പൊങ്കാല സമർപ്പണച്ചടങ്ങുകൾ നടക്കുക.

# കിഫ്ബിയുടെ 'കണ്ണൂർ ഇടപാടുകൾ' അന്വേഷിക്കാൻ കേന്ദ്രവും

● ജി. അരുൺ
തിരുവനന്തപുരം

കിഫ്ബിയുടെ 'കണ്ണൂർ ഇടപാടുകളിൽ' കേന്ദ്ര ഇടപെടൽ വരുന്നു. ഇടത് സർക്കാരിന്റെ സ്വപ്നസംരംഭമായ കിഫ്ബിയിൽ വിദഗ്ധസമിതി അടിമുടി ക്രമക്കേടുകൾ കണ്ടെത്തിയതിനു പിന്നാലെയാണിത്. വിഷയം സംസ്ഥാന ബി.ജെ.പി. നേതൃത്വവും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയതോടെയാണ് കേന്ദ്രം ഇടപെടുന്നത്. കുമ്മനം രാജശേഖരൻ ഉൾപ്പെടെയുള്ളവർ അന്വേഷണം ആവശ്യപ്പെട്ടു രംഗത്തുവന്നിരുന്നു.ഭൂമി ഏറ്റെടുക്കലിലും നിയമനങ്ങളിലും ദുരൂഹതയുണ്ടെന്നാണ് ആരോപണം. അതിൽതന്നെ കണ്ണൂരിലെ ഭൂമി ഏറ്റെടുക്കലിൽ വലിയ ദുരൂഹതയാണ് സംശയിക്കുന്നത്.

ആയിരം ഏക്കർ കിൻഫ്ര വഴി 2489 കോടിക്ക് ഏറ്റെടുത്തു. 2020 മുതൽ ഏറ്റെടുത്ത ഭൂമി ഒന്നിനും ഉപയോഗിച്ചില്ല. പുറമെ 3829 ഏക്കർ 9572 കോടിക്ക് ഏറ്റെടുക്കാൻ വീണ്ടും വിജ്ഞാപനം ഇറക്കി. വാരിക്കോരിയുള്ള ഏറ്റെടുപ്പിൽ വൻ സംശയങ്ങളാണുയരുന്നത്. ഭൂമി ഉടമസ്ഥർക്ക് വൻലാഭമുണ്ടാക്കാനുള്ള നീക്കമാണ് നടന്നതെന്നു പരാതി ഉയർന്നു. കിഫ്ബിയുടെ പേരിൽ അഞ്ചിരട്ടി വിലക്ക് ഏറ്റെടുത്തത് സി.പി.എം. ബന്ധമുള്ളവരുടെ ഭൂമിയെന്നും സംശയം. ഭൂമി ഏറ്റെടുക്കലിന് പിന്നിലെ സാമ്പത്തിക ഇടപാടും വൻ ദുരൂഹതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. 40 തസ്തിക അനുവദിച്ചു. നിയമിച്ചത് 498 ജീവനക്കാരെയായിരുന്നു. അതിൽ സി.പി.എം. ബന്ധമുള്ളവർ ഉൾപ്പെട്ടതും അന്വേഷിക്കും.

കണ്ണൂരിൽ അഞ്ചിരട്ടി വിലക്ക് ഭൂമി ഏറ്റെടുത്തത് അടക്കമുള്ള കിഫ്ബി ക്രമക്കേടുകളിൽ വിജിലൻസ് അന്വേഷണത്തിനാണ് സംസ്ഥാന സർക്കാർ നീക്കം. അതേസമയം, ഭൂമി ഏറ്റെടുക്കലിൽ അപാകതയില്ലെന്നും രാഷ്ട്രീയലക്ഷ്യം വെച്ച് സർക്കാർ കണ്ണൂരിനെതിരായ നീക്കം നടത്തുകയാണെന്ന വിമർശനവുമായി സി.പി.എം. രംഗത്തു വന്നു.

നിയമപരമായ പരിശോധനകൾ നടക്കട്ടെ എന്നാണ് മുൻ ധനമന്ത്രിമാരായ തോമസ് ഐസക്കിന്റെയും കെ എൻ ബാലഗോപാലിന്റെയും പക്ഷം. സാമ്പത്തിക ഇടപാടിൽ മാത്രം ഉൾപ്പെടുത്തി വിജിലൻസ് അന്വേഷണത്തിൽ ഒതുക്കാനുള്ള സർക്കാർ നീക്കത്തിനെതിരേ ഭരണപക്ഷത്തു നിന്നും എതിർപ്പുയരുന്നുണ്ട്.

# വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ ദൈവസ്നേഹത്തിന്റെ സാക്ഷ്യം: മാർ കല്ലറങ്ങാട്ട്

രാമപുരം: സാധാരണ സമൂഹത്തിന്റെ ഉന്നമനത്തിനായി ജീവിതം പൂർണമായും സമർപ്പിച്ച വാഴ്ത്തപ്പെട്ട കുഞ്ഞച്ചൻ ഈശോയുടെ സ്നേഹത്തിന്റെ ജീവിക്കുന്ന സാക്ഷ്യമാണെന്ന് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. രാമപുരം ഫൊറോനാ പള്ളിയിൽ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിൽ വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

സാമൂഹിക വിവേചനങ്ങളും അടിമത്ത മനോഭാവവും നിലനിന്ന കാലഘട്ടത്തിൽ പാർശ്വവത്ക്കരിക്കപ്പെട്ട സാധാരണക്കാരുടെ ആത്മീയവും സാമൂഹികവുമായ പുരോഗതിക്കായി കുഞ്ഞച്ചൻ നിസ്വാർഥമായി പരിശ്രമിച്ചു. കുഞ്ഞച്ചൻ താരമൂല്യക്കാരനായിരുന്നില്ല. വചന മൂല്യക്കാരനായിരുന്നു. സാന്ത്വനമേകുന്ന സാന്നിധ്യമാണ് കുഞ്ഞച്ചൻ. ഭരണഘടനാപരമായ അവകാശങ്ങൾ നേടിയെടുക്കാൻ നാം മുന്നിട്ടിറങ്ങണമെന്നും ബിഷപ് പറഞ്ഞു. വികാരി ഫാ. ബെർക്ക്മാൻസ് കുന്നുംപുറം നേർച്ചഭക്ഷണം വെഞ്ചരിച്ചു.



■ രാമപുരം ഫൊറോനാ പള്ളിയിലെ വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ തിരുനാളിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് കുർബാന അർപ്പിക്കുന്നു.

വെള്ളിലാപ്പിള്ളി സ്കൂൾ മുറ്റത്തുനിന്നും കുഞ്ഞച്ചന്റെ കബറിടത്തിങ്കലേക്ക് ഡി.സി.എം.എസ്. പാലാ രൂപതയുടെ നേതൃത്വത്തിൽ പദയാത്ര നടത്തി. പള്ളിയിൽ പദയാത്രക്ക് സ്വീകരണം നൽകി. തുടർന്ന് തിരുനാൾ പ്രദക്ഷിണം നടന്നു.



■ കൊച്ചിയിൽ നടന്ന ട്രെൻഡ്സ് ഇംപ്രസാരിയോ മിസ് കേരള 2026 ടൈംലെസ് ട്രെഡിഷൻ റൗണ്ടിൽ മത്സരാർഥികൾ റാമ്പിൽ

## യുവമോർച്ച മാർച്ചിൽ സംഘർഷം

തിരുവനന്തപുരം: കിഫ്ബി അഴിമതിയിലൂടെ സംസ്ഥാനത്തിന്റെ പൊതുഖജനാവ് കൊള്ളയടിച്ച പിണറായി വിജയന്റെ രാജിയാവശ്യപ്പെട്ട് യുവമോർച്ചയുടെ നേതൃത്വത്തിൽ നടത്തിയ നിയമസഭാ മാർച്ച് സംഘർഷഭരിതമായി. പ്രതിഷേധക്കാർക്കു നേരേ പോലീസ് ഗ്രനേഡും ജലപീരങ്കിയും കണ്ണീർവാതകവും പ്രയോഗിച്ചു. ഇതോടെ നിരവധി പ്രവർത്തകർക്ക് പരുക്കേറ്റു. ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

ബി.ജെ.പി നിയമസഭാ കക്ഷി നേതാവ് ബി.ബി. ഗോപകുമാർ എം.എൽ.എ മാർച്ച് ഉദ്ഘാടനം ചെയ്തു. ഡൽഹി പോലീസിനെതിരേ ആരോപണമുന്നയിക്കുന്ന കോൺഗ്രസ് സർക്കാരിന്റെ പോലീസാണ് കേരളത്തിൽ സമാധാനപരമായി പ്രതിഷേധിച്ച യുവമോർച്ച പ്രവർത്തകരെ അടിച്ചമർത്താൻ ശ്രമിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

## പദവികളിൽ തിരുത്തൽ

തിരുവനന്തപുരം: കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (കിഫ്ബി) പുനഃസംഘടനയ്ക്കായി സർക്കാർ രൂപീകരിച്ച വിദഗ്ധ സമിതിയിലെ രണ്ട് അംഗങ്ങളുടെ ഔദ്യോഗിക പദവികളിൽ തിരുത്തൽ വരുത്തി.

സമിതി അംഗങ്ങളായ നിലേഷ് വികംസെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ മുൻ പ്രസിഡന്റും കെ.കെ.സി. അസോസിയേറ്റ്സിലെ പാർട്ണർ ശുഭലക്ഷ്മി നാരായണൻ, ഐ.എ.എസ്. (റിട്ട.) ഓഡിറ്റ് ബോർഡ് മുൻ അംഗവും കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ ഓഫീസിലെ പ്രിൻസിപ്പൽ ഡയറക്ടർ ഓഫ് ഓഡിറ്റുമെന്നുമാണ് പദവികൾ തിരുത്തിയിട്ടുള്ളത്. 2026 ജൂലൈ 13 ലെ ധനവകുപ്പ് ഉത്തരവ് നമ്പർ 80/2026/ഫിൻ പ്രകാരമാണ് സമിതി രൂപീകരിച്ചത്.

# കൈക്കൂലി വാങ്ങാൻ അസം സ്വദേശിയുടെ അക്കൗണ്ട്: വൈക്കം സി.ഐ. കുടുങ്ങി

കോട്ടയം: വിജിലൻസിന്റെ മിന്നൽ പരിശോധനയിൽ വൈക്കം സി.ഐ. കുടുങ്ങി. മണ്ണ് മാഫിയയുമായി ബന്ധമുണ്ടെന്ന വിവരത്തേത്തുടർന്ന് വിജിലൻസ് നടത്തിയ പരിശോധനയിലാണു വൈക്കം സി.ഐ. ഷെമീർ ഖാൻ നടത്തിയ ക്രമക്കേട് കണ്ടെത്തിയത്.

കൈക്കൂലി സ്വീകരിക്കാൻ അസം സ്വദേശിയുടെ ബാങ്ക് അക്കൗണ്ടാണ് സി.ഐ. ഉപയോഗിച്ചിരുന്നതെന്ന് വിജിലൻസ് കണ്ടെത്തി. ഒരുമാസത്തിനിടെ അക്കൗണ്ടിൽനിന്ന് രണ്ടരലക്ഷത്തോളം രൂപ പിൻവലിച്ചു. തുടർനടപടികൾക്കായി ഷെമീർ ഖാനെതിരേ റിപ്പോർട്ട് നൽകുമെന്നു വിജിലൻസ് ഉദ്യോഗസ്ഥർ പറഞ്ഞു.

മണ്ണ് മാഫിയയിൽനിന്നും ടിപ്പർ ഉടമകളിൽനിന്നും കൈക്കൂലി സ്വീകരിക്കാൻ കഴിഞ്ഞ മാസം അഞ്ചിനാണ് വൈക്കം കനറാ ബാങ്കിൽ അസം സ്വദേശിയുടെ ആധാറും പാൻ കാർഡും ഉപയോഗിച്ച് അക്കൗണ്ട് തുടങ്ങിയത്. ഏഴുമുതൽ പണം അക്കൗണ്ടിൽ വന്നുതുടങ്ങി. എ.ടി.എം. കാർഡ് ഷെമീർ ഖാനാണ് ഉപയോഗിച്ചിരുന്നത്. ക്യാമറയിൽ കുടുങ്ങാതിരിക്കാൻ മാസ്കും ഹെൽമെറ്റും ധരിച്ചാണ് വിവിധ എ.ടി.എമ്മുകളിൽനിന്ന് പണം പിൻവലിച്ചിരുന്നത്. സി.ഐ. ഓഫീസിനു പുറമേ ബാങ്ക് ശാഖയിലും വിജിലൻസ് സംഘമെത്തി തെളിവ് ശേഖരിച്ചു.

കോട്ടയം വിജിലൻസ് പോലീസ് സൂപ്രണ്ട് ആർ. ബിനുവിന്റെ നിർദേശപ്രകാരം ഡിവൈ.എസ്.പി: ടി.ആർ. പ്രദീപ് കുമാർ, ഇൻസ്പെക്ടർമാരായ സജു ടി. ദാസ്, അനിൽ കുമാർ, രമേശ് കുമാർ, മനു വി. നായർ, എസ്.ഐമാരായ അനിൽ, രാജീവ്, എ.എസ്.ഐമാരായ രജീഷ്, അരുൺ ചന്ദ്, ഷൈജു കുരുവിള, പ്രദീപ്കുമാർ, രാജേഷ്, കെ.എ അനൂപ്, ഗിരീഷ് കുമാർ, ജോഷി ഇഗ്നേഷ്യസ്, വി. ജാൻസി എന്നിവർ പരിശോധനയ്ക്കു നേതൃത്വം നൽകി.

## അഭിമന്യു വധക്കേസ്; രണ്ടാംദിനവും മുഖംമൂടി ധരിച്ച്, ഒരേ വേഷത്തിൽ പ്രതികൾ

കൊച്ചി: അഭിമന്യു കേസ് വിചാരണയുടെ രണ്ടാം ദിനത്തിലും മുഖംമൂടി ധരിച്ചും ഒരേ രീതിയിലുള്ള വസ്ത്രങ്ങൾ ധരിച്ചും പ്രതികളായ പോപ്പുലർ ഫ്രണ്ട് പ്രവർത്തകർ കോടതിയിലെത്തി. എന്നാൽ, വിചാരണ നടക്കുന്ന എറണാകുളം പ്രിൻസിപ്പൽ ജില്ലാ സെഷൻസ് കോടതിയുടെ മുറിക്കകത്ത് മുഖംമൂടി മാറ്റിയാണ് ഇവർ ഹാജരായത്.

സാക്ഷികൾക്ക് ആശക്കുഴപ്പമുണ്ടാക്കുന്ന രൂപമാറ്റത്തിനെതിരെ ജഡ്ജി കെ.കെ. ബാലകൃഷ്ണൻ ആദ്യ ദിവസം താക്കീത് നൽകിയിരുന്നു.

പ്രതികളുടെ ആക്രമണത്തിൽ അഭിമന്യുവിനൊപ്പം കുത്തേറ്റ സുഹൃത്ത് അർജുൻ, ബോബിൻസ് എന്നിവരെയാണ് ഇന്നലെ പ്രോസിക്യൂഷൻ സാക്ഷികളായി വിസ്തരിച്ചത്.

രണ്ടു സാക്ഷികളും ആവശ്യമായ സമയമെടുത്ത് പ്രതികളെ തിരിച്ചറിഞ്ഞു. എസ്.എഫ്.ഐയുടെ ചുവരെഴുത്തിന് മുകളിൽ കാമ്പസ് ഫ്രണ്ടിന്റെ മുദ്രാവാക്യം എഴുതിയതാണ് തർക്കത്തിന് കാരണമായതെന്ന മൊഴി സാക്ഷികൾ ആവർത്തിച്ചു.

കോളജ് വിദ്യാർഥിയായിരുന്ന മുഹമ്മദിനൊപ്പം പുറത്തുനിന്നുള്ള സംഘത്തേയും കണ്ടതോടെ അഭിമന്യുവും അർജുനും ചോദ്യം ചെയ്തു. തുടർന്ന് ഷിഫാസ് എന്നയാൾ അഭിമന്യുവിനെ പിടിച്ചുനിർത്തുകയും സഹൽ എന്ന പ്രതി കുത്തുകയുമായിരുന്നു. ജിസൽ റസാഖാണ് തന്നെ വട്ടം പിടിച്ചതെന്നും മുഹമ്മദ് ഹാഷിമാണ് കുത്തിയതെന്നും അർജുൻ മൊഴി നൽകി. ഇവരെയെല്ലാം കോടതിയിൽ തിരിച്ചറിയുകയും ചെയ്തു. ആക്രമണത്തിന് ഉപയോഗിച്ച കത്തിയും ഇടിക്കട്ടയും തിരിച്ചറിഞ്ഞിട്ടുണ്ട്. നേർത്ത കത്തിയാണ് പ്രതികൾ ഉപയോഗിച്ചതെന്നും കരൾ മുറിഞ്ഞെന്ന് പിന്നീടാണ് അറിഞ്ഞതെന്നും അർജുൻ പറഞ്ഞു.

# മുണ്ടംവേലി അപ്പാർട്ട്മെന്റ് താമസക്കാരെ മാറ്റിപ്പാർപ്പിക്കണമെന്ന് അമിക്കസ്ക്യൂറി റിപ്പോർട്ട്

കൊച്ചി: പേരണ്ടൂർ കനാൽ തീരത്തെ പി.ആൻഡ്.ടി കോളനി നിവാസികളെ പുനരധിവസിപ്പിച്ച മുണ്ടംവേലിയിലെ അപ്പാർട്ടുമെന്റിന്റെ ശോച്യാവസ്ഥ വിവരിച്ച് അമിക്കസ്ക്യൂറി റിപ്പോർട്ട്. അപ്പാർട്ടുമെന്റുകളിലെ ശൗചാലയത്തിലും അടുക്കളയിലും നിന്നുമുള്ള മലിനജലം താഴെയുള്ള അപ്പാർട്ടുമെന്റുകളിലേക്ക് ഒലിച്ചിറങ്ങുന്നുവെന്നതടക്കം ചൂണ്ടിക്കാട്ടിയാണ് അഡ്വ. ഗോവിന്ദ് പത്മനാഭന്റെ റിപ്പോർട്ട്. റിപ്പോർട്ട് ഞെട്ടിക്കുന്നതാണെന്നും ഈ ദുരവസ്ഥയ്ക്ക് ഉത്തരവാദികളായവരെ കണ്ടെത്തണമെന്നും റിപ്പോർട്ട് പരിശോധിച്ച ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ പറഞ്ഞു. ഇതിൽ കരാറുകാർക്കും ഉത്തരവാദിത്വമുണ്ടെന്ന് കോടതി വ്യക്തമാക്കി.

സെപ്റ്റിക് ടാങ്കിൽ നിന്നുള്ള മലിനജലം തുറസായ സ്ഥലങ്ങളിലേക്ക് കവിഞ്ഞൊഴുകുകയാണെന്ന് അമിക്കസ്ക്യൂറിയുടെ റിപ്പോർട്ടിൽ പറയുന്നു. മലിനജല സംസ്കരണ പ്ലാന്റിന്റെ ശേഷി അപര്യാപ്തമാണ്. അഴുക്കുവെള്ളം ചോർന്നൊലിക്കുന്നതിനാൽ അപ്പാർട്ട്മെന്റിന്റെ സ്റ്റീൽ തൂണുകളും ഷീറ്റുകളും തുരുമ്പെടുക്കുന്നു. അപ്പാർട്ട്മെന്റിൽ ലിഫ്റ്റ് സൗകര്യമില്ല. സമീപത്തായി കടന്നുപോകുന്ന 110 കെ.വി. ഹൈടെൻഷൻ ലൈനിൽ നിന്ന് പാലിക്കേണ്ട നിർബന്ധിത സുരക്ഷാ അകലം പാലിച്ചിട്ടില്ല.

ഇലക്ട്രിക്കൽ കൺട്രോൾ റൂമുകളിലെ ഉപകരണങ്ങളുടെ അടിത്തറ തുരുമ്പിച്ച നിലയിലാണ്. കൃത്യമായി എർത്തിങ് സംവിധാനമോ അഗ്നിനിയന്ത്രണ സംവിധാനമോ ഇല്ല.

पंजाब नैशनल बैंक ...भरोसे का प्रतीक ! | pnb | punjab national bank ...the name you can BANK upon!

**പഞ്ചാബ് നാഷണൽ ബാങ്ക്, അസറ്റ് റിക്കവറി മോണിറ്ററിംഗ് ശാഖ**
**എറണാകുളം**, ഒന്നാം നില, 40/1461, മാർക്കറ്റ് റോഡ്, എറണാകുളം - 682011, Email: cs4459@pnb.co.in; Ph: 0484-2350477

**സ്ഥാവര വസ്തുക്കളുടെ വിൽപ്പന നോട്ടീസ്**

**സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസെറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002-ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 9(1) പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ പ്രകാരമുള്ള സ്ഥാവര വസ്തുക്കളുടെ ഇ-വിൽപ്പന നോട്ടീസ്.** ബാങ്കിൽ പണയപ്പെടുത്തിയ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തുക്കൾ ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പ്രതീകാത്മകമായി കൈവശമെടുത്തിട്ടുള്ളതാണെന്ന് വായ്പക്കാരെ/ജാമ്യക്കാരെ/പണയക്കാരെയും പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായും അറിയിച്ച്കൊള്ളുന്നു. ബാങ്കിന് ലഭിക്കാനുള്ള തുക വസൂലാക്കുന്നതിന് വേണ്ടി താഴെ കൊടുത്തിരിക്കുന്ന വസ്തുക്കൾ അന്നേ ദിവസം **"ഇപ്പോൾ എവിടെയാണോ" "എങ്ങിനെയാണോ", "ഏതൊക്കെയാണോ"** എന്നതിന്റെ അടിസ്ഥാനത്തിൽ വിൽപന നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ബാങ്കിന് ലഭിക്കാനുള്ള കുടിശ്ശിക തുകയും വായ്പക്കാരുടെയും ജാമ്യക്കാരുടെയും വിവരദവിവരങ്ങളും കരുതൽ വിലയും നിരതദ്രവ്യവും തുടങ്ങിയവ താഴെ വിവരിക്കുന്നു.

**ലേല വിൽപ്പന തീയതിയും സമയവും: 06.11.2026 (Sl. No. 1) & 26.11.2026 (Sl. No. 2) ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 2.00 മണി വരെ**

| SL. No. | വായ്പക്കാരൻ/ ജാമ്യക്കാരുടെ / പണയക്കാരുടെ പേരും വിലാസവും | പണയം വച്ചിട്ടുള്ള സ്ഥാവരവസ്തുക്കളുടെ വിവരണം | എ) SARFAESI Act 2002 ലെ സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് തീയതി, ബി) കുടിശ്ശിക തുക, സി) SARFAESI Act 2002 ലെ സെക്ഷൻ 13(4) പ്രകാരം കൈവശാവകാശ തീയതി, ഡി) കൈവശത്തിന്റെ സ്വഭാവം: പ്രതീകാത്മകം/ഭൗതികം/ക്രിയാത്മകം |
|---|---|---|---|
| 1 | 1) ശ്രീ. മോഹനൻ പി കെ, 2) ശ്രീമതി. മിനി മോഹനൻ ഇരുവരും താമസിക്കുന്നത് ശ്രീ പ്രഭ ഹൗസ്, വെള്ളിയോളി ലെയ്ൻ 3, കെ എസ് ഇ ബി കല്ലേപ്പുള്ളിക്ക് സമീപം, പാലക്കാട് - 678018 | ശ്രീ. പി. കെ. മോഹനന്റെ പേരിൽ പാലക്കാട് ജില്ല, പാലക്കാട് താലൂക്ക്, പാലക്കാട് - 2 വില്ലേജ്, പുത്തൂർ ദേശം, സർവ്വെ നമ്പർ 2443/1 ൽ പെട്ട 0.206 ഹെക്ടർ (5.08 സെന്റ്) സ്ഥലവും അതിലിരിപ്പ് കെട്ടിടവും മറ്റ് ചമയങ്ങളും **അതിരുകൾ: വടക്ക്:** വഴി, **തെക്ക്:** ഹൈമ ശ്രീജിത്ത് വക വസ്തു, **കിഴക്ക്:** മുനിസിപ്പൽ റോഡ്, **പടിഞ്ഞാറ്:** ജയരാജ് വക വസ്തു | A) 22.05.2018 B) 30.09.2026 ലെ കുടിശ്ശിക തുക: 99,72,670.54 രൂപ (തൊണ്ണൂറ്റിയൊമ്പത് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി അറുന്നൂറ്റി എഴുപത് രൂപ അമ്പത്തിനാല് പൈസ) യും കൂടാതെ ബാധകമായ പലിശയും ചെലവുകളും മറ്റ് നിരക്കുകളും. C) 13.11.2018 D) പ്രതീകാത്മകമായ കൈവശം |
| | | സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ - നിലവിലില്ല | a) കരുതൽ വില : 30,60,000/- രൂപ b) നിരതദ്രവ്യം : 3,06,000/- രൂപ c) ലേല വർദ്ധന തുക : 10,000/- രൂപ |
| 2 | 1) ശ്രീ. സുജി വി, S/o വാസുദേവൻ, 2) ശ്രീമതി. ഷീബ സുജി ഇരുവരും താമസിക്കുന്നത് ശാന്തിനികേതൻ, മാങ്ങോട്, നെന്മാറ, പിൻ - 678508, 3) M/s എസ് എസ് അസോസിയേറ്റ്സ്, പ്രൊപ്രൈറ്റർ ഷീബ സുജി, XVI/1013, അലുവശ്ശേരി, നെന്മാറ, പിൻ - 678508 4) M/s പാറൂസ് മാർക്കറ്റിംഗ്, പ്രൊപ്രൈറ്റർ: സുജി വി, XVI/1013, അലുവശ്ശേരി, നെന്മാറ, പിൻ - 678508 | ശ്രീ. സുജി വി.യുടെ ഉടമസ്ഥതയിൽ പാലക്കാട് ജില്ലയിൽ, നെന്മാറ അംശം & ദേശത്ത് പഴയ സർവ്വെ നമ്പർ 582/2 റീ സർവ്വെ നമ്പർ 187/8 ൽ പെട്ട 23.25 സെന്റ് സ്ഥലവും അതിലിരിപ്പ് താമസയോഗ്യമായ കെട്ടിടവും മറ്റ് ചമയങ്ങളും **അതിരുകൾ: വടക്ക്:** വാസുദേവന്റെ നെൽവയൽ, **തെക്ക്:** വാസുദേവന്റെയും മറ്റുള്ളവരുടെയും വസ്തുക്കൾ, **കിഴക്ക്:** വാസുദേവന്റെയും മറ്റുള്ളവരുടെയും വസ്തുക്കൾ, **പടിഞ്ഞാറ്:** നടവഴി | A) 18.09.2017 B) 30.09.2026 ലെ കുടിശ്ശിക തുക: 90,21,471.27 രൂപ (തൊണ്ണൂറ് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി നാന്നൂറ്റി എഴുപത്തിയൊന്ന് രൂപഇരുപത്തിയേഴ് പൈസ) യും കൂടാതെ ബാധകമായ പലിശയും ചെലവുകളും മറ്റ് നിരക്കുകളും. C) 03.01.2018 D) പ്രതീകാത്മകമായ കൈവശം |
| | | സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ - നിലവിലില്ല | a) കരുതൽ വില : 30,60,000/- രൂപ b) നിരതദ്രവ്യം : 3,06,000/- രൂപ c) ലേല വർദ്ധന തുക : 10,000/- രൂപ |

**നിരത ദ്രവ്യം നിക്ഷേപിക്കാനുള്ള അവസാന തീയതി: 05.11.2026 (Sl. No. 1) & 25.11.2026 (Sl. No. 2)**

**വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 04.11.2026 (Sl. No. 1) & 24.11.2026 (Sl. No. 2) ന്**

**ഇ- ലേലത്തിന്റെ വ്യവസ്ഥകളും നിബന്ധനകളും :** 1. ഈ വിൽപന 'സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002'-ൽ അനുശാസിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും, താഴെ പറയുന്ന അധിക വ്യവസ്ഥകൾക്കും വിധേയമായിരിക്കും. 2. വസ്തുവകകൾ "ഇപ്പോൾ എവിടെയാണോ" "എങ്ങിനെയാണോ", "ഏതൊക്കെയാണോ" എന്ന അടിസ്ഥാനത്തിലാണ് വിൽക്കുന്നത്. 3. മുകളിലുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഈടുനൽകിയ ആസ്തികളുടെ വിവരങ്ങൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ലഭ്യമായ അറിവ് അനുസരിച്ചാണ് നൽകിയിരിക്കുന്നത്; എന്നാൽ ഈ വിജ്ഞാപനത്തിലുണ്ടാകാവുന്ന ഏതെങ്കിലും പിശകുകൾക്കോ, തെറ്റായ വിവരങ്ങൾക്കോ, വിട്ടുപോയ കാര്യങ്ങൾക്കോഅധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കില്ല. 4. ലേലത്തിൽ ലഭിക്കുന്ന ബിഡുകൾ സ്വീകരിക്കാനോ നിരസിക്കാനോ, അല്ലെങ്കിൽ ലേലം മാറ്റിവെക്കാനോ റദ്ദാക്കാനോ നിർത്തിവെക്കാനോ അതിലെ വ്യവസ്ഥകളിൽ മാറ്റം വരുത്താനോ ഉള്ള അധികാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമാണ്. ഇതിനായി കാരണം വ്യക്തമാക്കേണ്ടതില്ല, ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ തീരുമാനമായിരിക്കും അന്തിമം. 5. ഈടുനൽകിയ ആസ്തി നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയേക്കാൾ കുറഞ്ഞ തുകയ്ക്ക് വിൽക്കുന്നതല്ല. 6. https://Baanknet.com എന്ന വെബ്സൈറ്റിലെ ഇ-ലേല പ്ലാറ്റ്ഫോം വഴി താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനായിരിക്കും വിൽപന നടത്തുന്നത്. 7. വിൽപനയുമായി ബന്ധപ്പെട്ട വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും https://Baanknet.com, www.pnbindia.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

**തീയതി: 15.10.2026, സ്ഥലം: എറണാകുളം** — ഒപ്പ്/-, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്